# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7641 23/07/2012 ൽ മറുപടിക്ക്

### പി.എസ്.സി. പരീക്ഷകളിൽ ആധുനിക സാങ്കേതികവിദ്യകൾ ദുരുപയോഗം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. സി. ജോർജ്ജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി എഴുത്തു പരീക്ഷയിൽ മൊബൈൽ ഫോൺ ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; | (എ) പി.എസ്.സി നടത്തിയ വിവിധ പരീക്ഷകളിൽ മൊബൈൽ ഫോൺ മുഖേന ഉത്തരം ചോർത്തിയതു സംബന്ധിച്ച് അന്വേഷണം പി.എസ്.സി വിജിലൻസ് വിഭാഗത്തിൽ പൂർത്തിയായി വരുന്നു. ഇതേ വിഷയത്തിൽതന്നെ സംസ്ഥാന പോലീസും അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഇതുവരെ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചു; | (ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തികരിക്കാത്തതിനാൽ ഇതുവരെ ആർക്കെതിരെയും നടപടി കൈക്കൊണ്ടിട്ടില്ല. പ്രസ്തുത കേസുകളിൽ പ്രതിചേർക്കപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കെതിരെയുള്ള ക്രമക്കേടുകൾ തെളിയുന്ന പക്ഷം ഡീബാർ ഉൾപ്പെടെയുള്ള നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) പി.എസ്.സി. പരീക്ഷകളിൽ ആധുനിക സാങ്കേതികവിദ്യകൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ കണക്കിലെടുത്ത് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (സി) പി.എസ്.സി പരീക്ഷകളിൽ ആധുനിക സാങ്കേതിക വിദ്യകൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ കണക്കിലെടുത്ത് മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി മുതലായ ഇലക്ട്രോണിക് ഉപകരണങ്ങൾ പരീക്ഷാഹാളിൽ നിരോധിക്കുകയും പരീക്ഷാ സമയത്ത് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുമെന്നും അവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതായിരിക്കുമെന്നും കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്തെങ്കിലും ക്രമക്കേടുകൾ ഉദ്യോഗാർത്ഥികൾക്കെതിരെ തെളിയുന്ന പക്ഷം ഡീബാർ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ